# ട്യൂബിങൻ സർവ്വകലാശാലയിൽ ‘മലയാളം ചെയർ’

മലയാള ഭാഷാസ്നേഹികളെ ഒന്നാകെ സന്തോഷിപ്പിച്ചുകൊണ്ടാണ് ആ വാർത്ത വന്നത് - ജർമ്മനിയിൽ ട്യൂബിങൻ സർവ്വകലാശാലയിൽ മലയാള ഭാഷയ്ക്കായി ഒരു ‘ചെയർ’ നിലവിൽ വരുന്നു. ഏതെങ്കിലും വിദേശ സർവ്വകലാശാലയുമായി ചേർന്ന് ഒരു ‘ചെയർ’ തുടങ്ങുന്നത് ഇന്ത്യൻ സർവ്വകലാശാലകളുടെ ചരിത്രത്തിൽ ആദ്യാനുഭവമാണ്. മലയാള ഭാഷയ്ക്ക് മറക്കാനാവാത്ത സംഭാവനകൾ നൽകിയ ആർണോസ് പാതിരിക്കും, ഡോ. ഹെർമൻ ഗുണ്ടർട്ടിനും, ഫാ. നാഗലിനും ജന്മം നൽകിയ ജർമ്മനിയുടെ മണ്ണിൽ മലയാള ഭാഷയ്ക്ക് ആദരണീയമായ ഒരു അംഗീകാരം ലഭിച്ചതിൽ ഓരോ ജർമ്മൻ മലയാളിക്കും അഭിമാനിക്കാം.

ഡോ. ഹെർമൻ ഗുണ്ടർട്ട് പഠിച്ചിരുന്ന അതിപുരാതനമായ ട്യൂബിങൻ ഏബർഹാർഡ് കാൾസ് സർവ്വകലാശാലയിലെ ‘എഷ്യൻ ആൻഡ് ഓറിയന്റൽ സ്റ്റഡീസി’ന്റെ കീഴിലാണ് ‘മലയാളം ചെയർ’ പ്രവർത്തിക്കുക. കേരളത്തിൽ തിരൂരെ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയുമായി ചേർന്നുള്ള ഈ സംരംഭം യു.ജി.സി.യുടെ അംഗീകാരത്തോടെയാണ്. കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ ചെയർ സ്ഥാപിക്കാനുള്ള ധാരണാപത്രത്തിൽ മലയാളം സർവ്വകലാശാല വൈസ്ചാൻസലർ ഡോ. കെ. ജയകുമാറും, ട്യൂബിങൻ സർവ്വകലാശാല വൈസ്ചാൻസലറും ഒപ്പ് വച്ചു. മലയാള ഭാഷാപഠനം, ഭാഷ-സംസ്കാര-കുടിയേറ്റ രംഗങ്ങളിലെ ഗവേഷണം, കേരളീയ നാടൻകലാരൂപങ്ങളുടെ പ്രചരണം, ഭാഷയുടെ ആധുനീവത്ക്കരണം,  സാഹിത്യകൃതികളുടെ വിവർത്തനവും പ്രസിദ്ധീകരണവും, എന്നിവയ്ക്കുപുറമെ രണ്ടാം തലമുറയെ കേരളവുമായി ബന്ധപ്പെടുത്തുന്നതിനായി സ്കോളർഷിപ്പുകൾ ഉൾപ്പടെയുള്ള പദ്ധതികളുടെ രൂപീകരണവും ലക്ഷ്യങ്ങളാണ്.

1986 ഒക്ടോബർ 4-ാം തീയതി ബർലിനിലെ ഗുണ്ടർട്ട് ലോകമലയാള സമ്മേളന വേദിയിൽ, അന്നത്തെ കേരള വിദ്യാഭ്യാസ മന്ത്രിയായിരുന്ന ടി. എം. ജേക്കബ്, മലയാളക്കരയുടെ സാഹിത്യ സാംസ്കാരിക രാഷ്ട്രീയ പ്രമുഖരെ സാക്ഷിയാക്കി ഒരു പ്രമേയം പാസ്സാക്കിയിരുന്നു - ബർലിൻ സമ്മേളനത്തിന്റെ സ്മാരകമെന്ന നിലയിൽ മലയാളഭാഷയ്ക്കായി ഏതെങ്കിലും ഒരു ജർമ്മൻ സർവ്വകലാശാലയിൽ ‘ഗുണ്ടർട്ട് ചെയർ’ സ്ഥാപിക്കണമെന്ന്. സമ്മേളനത്തിന്റെ നാളുകൾക്കു ശേഷം 29 വർഷങ്ങളുടെ നീണ്ട മൗനം. ഇന്ന് നാം ‘മലയാളം ചെയർ’ എന്ന് കേൾക്കുന്നതിന്റെ പിന്നിൽ ഏതാനും വ്യക്തികളുടെ തികഞ്ഞ ഭാഷാ സ്നേഹത്തിന്റെയും അർപ്പണമനോഭാവത്തിന്റേതുമായ ഒരു കഥയുണ്ട്. 2013-ൽ ട്യൂബിങൻ സർവ്വകലാശാല ഒരുക്കിയ ഒരു സാംസ്കാരികവേദിയിലെ ക്ഷണിക്കപ്പെട്ട അതിഥിയായിരുന്നു അന്നത്തെ ഇന്ത്യൻ എംബസ്സി, ബർലിനിലെ ‘ടാഗോർ സെന്റർ’ ഡയറക്ടർ ഡോ. ശിവപ്രകാശ്. കന്നഡ സഹിത്യരംഗത്തെ പ്രശസ്ത കവിയും നാടകകൃത്തുമായ അദ്ദേഹം അവിടെ വച്ചാണ് ‘എഷ്യൻ ആൻഡ് ഓറിയന്റൽ സ്റ്റഡീസി’ന്റെ മേധാവി ഡോ. ഹൈക്കെ ഓബർലിനെ പരിചയപ്പെടുന്നത്. 1990 കലയളവിൽ രണ്ടുവർഷം കേരളത്തിൽ താമസിച്ച് കൂടിയാട്ടം പഠിച്ച വ്യക്തിയാണ് ഡോ. ഓബർലിൻ. സംസാരമദ്ധ്യേ മലയാളത്തെയും മലയാളക്കരയേയും സ്നേഹിക്കുന്ന ആ മഹതി, താൻ നയിക്കുന്ന എഷ്യൻ വിഭാഗത്തിൽ മലയാളം പഠിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായുകയുണ്ടായി. ഇക്കാര്യത്തിൽ സഹായിക്കാൻ ‘മൈനെ വെൽറ്റ്’ മാസികയുടെ പത്രാധിപർ ജോസ് പുന്നാംപറമ്പിലിന് കഴിഞ്ഞേക്കും എന്ന് ഡോ. ശിവപ്രകാശ് അഭിപ്രായപ്പെട്ടു. ഡോ. ഓബർലിൻ തുടർന്ന് ജോസ് പുന്നാംപറമ്പിലുമായി ബന്ധപ്പെടുകയും, പുന്നാംപറമ്പിൽ കേരളീയരുടെ പ്രിയകവി സച്ചിദാനന്ദന്റെ ഉപദേശം തേടുകയും ചെയ്തു. അവിടെനിന്നും കിട്ടിയ നിർദ്ദേശമനുസരിച്ച് തിരൂരെ മലയാളം സർവ്വകലാശാലയെ ഈ ആവശ്യവുമായി സമീപിക്കുകയും, സർവ്വകലാശാലാ വൈസ്ചാൻസലർ ഡോ. കെ. ജയകുമാർ അത് സന്തോഷപൂർവ്വം ഏറ്റെടുക്കുകയും ചെയ്തു. തുടർന്ന് ഈ വ്യക്തികളുടെ രണ്ടുവർഷത്തെ കൂട്ടായ

പ്രവർത്തനം ഭാഷാസ്നേഹികൾ മനസ്സിൽ താലോലിച്ചിരുന്ന 'മലയാളം ചെയർ' എന്ന സ്വപ്നത്തെ യാഥാർത്ഥ്യമാക്കി.

ഒക്ടോബർ 9-ാം തീയതി ട്യൂബിങൻ കലാലയക്ഷേത്രത്തിന്റെ ശ്രീകോവിലിൽ മലയാളഭാഷയ്ക്കായി ഒരു ഭദ്രദീപം കൊളുത്തപ്പെടും. 'മലയാളം ചെയർ'-ന്റെ ഔപചാരികമായ ഉദ്ഘാടനത്തോടനുബന്ധിച്ച് സിമ്പോസിയങ്ങളും കേരളീയ നാടൻകലകളുടെ അവതരണങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് മൂന്നുദിവസം നീണ്ടുനിൽക്കുന്ന ആഘോഷം നടക്കും.

1856-ൽ ട്യൂബിങൻ സർവ്വകലാശാലയിൽ സംസ്കൃത പഠനത്തിനു വേണ്ടി ഒരു ഇന്ത്യൻ വിഭാഗം പ്രവർത്തനം ആരംഭിച്ചിരുന്നു. ഇന്ത്യയിൽ നിന്നും തിരിച്ചെത്തിയ ഗുണ്ടർട്ട് തന്റെ പുസ്തകങ്ങളും, കയ്യെഴുത്തു രേഖകളും ഈ സർവ്വകലാശാലയുടെ ലൈബ്രറിക്ക് ആണ് അന്ന് കൈമാറിയിരുന്നത്. 1986-ലെ ബർലിൻ ലോകമലയാളസമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ പ്രൊഫ. ഡോ. സ്കറിയ സക്കറിയാക്ക് കയ്യെഴുത്ത് പ്രതികൾ സൂക്ഷിച്ചിരുന്ന ഭണ്ഡാരപ്പുരയിൽ കടക്കുവാൻ ഒരു നിയോഗം പോലെ അനുവാദം ലഭിച്ചത് മലയാളത്തിന്റെ ഭാഗ്യമായി. ഭാഷാചരിത്രാന്വേഷകരുടെ ദൃഷ്ടിപഥത്തിനും അപ്പുറം, ആരുടേയും ശ്രദ്ധയിൽപ്പെടാതെ അജ്ഞാതവാസം നയിച്ചിരുന്ന നൂറ്റാണ്ടുകളുടെ പഴക്കമുള്ള അമൂല്യ മലയാളഗ്രന്ഥങ്ങളെയാണ് അദ്ദേഹം അവിടെ കണ്ടെത്തിയത്. ചാക്കുകെട്ടുകളിൽ സൂക്ഷിച്ചിരുന്ന ഈ കൈയെഴുത്തുപ്രതികളിൽ ഗവേഷണം നടത്തുന്നതിൽ മലയാളക്കരയ്ക്കൊപ്പം ട്യൂബിങൻ സർവ്വകലാശാലയ്ക്കും താല്പര്യമേറും.

'മലയാളം ചെയർ' സ്ഥാപിതമാകുന്നതോടെ മലയാള ഭാഷാപഠനത്തിനും ഗവേഷണത്തിനും ട്യൂബിങനിൽ അവസരമുണ്ടാകും. ഇതിലേക്കായി അദ്ധ്യാപകരെ എഴുത്തച്ഛൻ സർവ്വകലാശാലയാണ് നിയോഗിക്കുന്നത്. 'ഗുണ്ടർട്ട് പ്രൊഫസർ' എന്ന തസ്തികയിൽ ആദ്യത്തെ ഒരു മാസത്തേക്ക് ഡോ. സ്കറിയ സക്കറിയ ട്യൂബിങനിലെത്തും. പിന്നീട് ആറുമാസത്തിനു ശേഷം 'വിസിറ്റിങ്ങ് അക്കാഡമിക്' ആയി തിരൂർ സർവ്വകലാശാലയിലെ ഒരു അദ്ധ്യാപകൻ എത്തുന്നതാണ്. കേരളത്തിൽ നിന്നും വിദ്യാർത്ഥികൾക്ക് ഹ്രസ്വകാല പരിശീലനത്തിനായി ട്യൂബിങനിലേക്ക് പോകുവാനും, ഡോ. ഗുണ്ടർട്ടിന്റെ ഗ്രന്ഥശേഖരം പഠനാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുവാനും അവസരം ഉണ്ടായിരിക്കും എന്ന് വൈസ്ചാൻസലർ ഡോ. കെ. ജയകുമാർ പറഞ്ഞു. രണ്ട് സർവ്വകലാശാലകൾ സഹകരിച്ച് ഗവേക്ഷണമേഖലയിൽ മുന്നോട്ട് പോകുമ്പോൾ ഉണ്ടാകാവുന്ന വിജ്ഞാനവർദ്ധനവിന്റെ സാദ്ധ്യതകൾ അനന്തമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

03.10.2015 ***ജോയി മാണിക്കത്ത്***